രൂപയാണ്. ഇതുവരെ 59 കോടി രൂപ ചെലവഴിച്ചു. 50 കോടി രൂപ ഫെഡറൽ ബാങ്കിൽ നിന്നും വായ്പ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയുടെ വൈപ്പിൻ കമ്പോണന്റ് ഈ വർഷം അവസാനത്തോടുകൂടി കമ്മീഷൻ ചെയ്യാൻ കഴിയും.

രണ്ടാമത്തേത് ചൊവ്വര പദ്ധതിയാണ്. നല്ല പ്രോഗ്രസ് ഉണ്ട്. അതിന് എൽ.ഐ.സി.-യുടെ സഹായം കിട്ടിയിട്ടുണ്ട്. ബാങ്ക് ലോണിനുകൂടി അപേക്ഷിച്ചിട്ടുണ്ട്. അത് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മൂന്നാമത്തേത് ചൂണ്ടി പദ്ധതി. തൃപ്പൂണിത്തുറയിലേക്കും പരിസര പ്രദേശങ്ങളിലേക്കുമുള്ള പുതിയ സ്കീമാണ്. അതിന്റെ പണികളും ആരംഭിച്ചിട്ടുണ്ട്. എൽ.ഐ.സി.-യുടെ സഹായത്തോടെയാണ് ആ പദ്ധതിയും ആരംഭിച്ചിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകൾ ഇതിൽ വരുന്നു. കഴിയുന്നിടത്തോളം 2005-ൽ ഈ പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായ തീരുമാനം എടുത്ത് ഷെഡ്യൂൾ വച്ച് പ്രോഗ്രസ് ചെയ്യുന്നുണ്ട്.

(5) മണിക്കശ്ശേരിയിലുണ്ടായ അക്രമം സംബന്ധിച്ച്

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> സർ, കോങ്ങാട് മണിക്കശ്ശേരിയിൽ എസ്.ഐ.-യും സംഘവും നടത്തിയ അതിക്രമവും അതിന്റെ ഭാഗമായി മുൻ പഞ്ചായത്ത് പ്രസിഡന്റും സ്ത്രീകളുമടക്കം നിരവധി പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതുമായ പ്രശ്നങ്ങളാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 21-ാം തീയതി രണ്ട് കുട്ടികൾ തമ്മിലുണ്ടായ തർക്കമാണ് പോലീസ് ഇത്രയും വഷളാക്കിയത്. തർക്കം അവസാനിപ്പിക്കാൻ മുൻകൈ എടുത്ത മുൻ പഞ്ചായത്ത് പ്രസിഡന്റും പൊതുപ്രവർത്തകനുമായ എം. സി. വേലായുധനോട്, "താൻ ആരാടോ ഈ പ്രശ്നം തീർക്കുന്നതിന്, റഫറിയാണോ?" എന്നു ചോദിച്ച് കേസിൽ അദ്ദേഹത്തെ പ്രതിയാക്കി. കോടതിയിൽ പോയി മുൻകൂർ ജാമ്യം എടുത്ത എം. സി. വേലായുധനെ അറസ്റ്റ് ചെയ്യണം എന്നു പറഞ്ഞ് വീട്ടിൽ വന്ന് വീടും പരിസരപ്രദേശത്തുള്ള വീടുകളും വാഹനങ്ങളുമടക്കം നശിപ്പിക്കുകയും ചെയ്തു. സ്ത്രീകളേയും കുട്ടികളേയും അടക്കം ഭീഷണിപ്പെടുത്തുന്ന അവസ്ഥയാണ് അവിടെ ഉണ്ടായത്. അവിടെ ഭീകരമായ അവസ്ഥ പോലീസ് സംഘം സൃഷ്ടിച്ചിരിക്കുകയാണ്. ഞാൻ പ്രസ്തുത സ്ഥലം നേരിട്ട് സന്ദർശിച്ചു. പോലീസ് നാല് പേർക്കെതിരെ വീണ്ടും കേസ് ചാർജ് ചെയ്തിരിക്കുകയാണ്. അവിടെ ഒരു പ്രശ്നവുമില്ല. ലാ ആന്റ് ഓർഡർ നടപ്പിലാക്കി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് നിരപരാധികളേയും അതുപോലെ പൊതുപ്രവർത്തകരേയും എല്ലാംതന്നെ ക്രൂശിക്കുകയും നാശനഷ്ടങ്ങൾ വരുത്തുന്നവർക്ക് പ്രോൽസാഹനം കൊടുക്കുകയും അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുകയുമാണ്. ആ എസ്. ഐ.-ക്കെതിരെ നടപടി സ്വീകരിച്ച് അവിടെ സമാധാനം സ്ഥാപിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഈ സംഭവം സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ എനിക്ക് ഒരു പരാതി തന്നിട്ടുണ്ട്. തീർച്ചയായും ഗവൺമെന്റ് ഇതിനെക്കുറിച്ച് അന്വേഷിക്കും, നടപടി സ്വീകരിക്കും.

(6) ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ മൂലം രജിസ്ട്രേഷൻ രംഗത്തുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, 1995-ലെ കേരള മുദ്രപത്ര റൂൾസ് 4(1) പ്രകാരം വസ്തുവിന് മിനിമം വില നിശ്ചയിച്ചപ്പോൾ വസ്തുവിന്റെ യഥാർത്ഥ വിലയേക്കാൾ വളരെ ഉയർന്ന വില നിശ്ചയിച്ചവർ ഫെയർ വാല്യൂ നിശ്ചയിച്ചപ്പോൾ സുതാര്യമാംവിധം പരാതി കേൾക്കാൻ തയ്യാറായിട്ടില്ല. പരാതിക്കാർ 25 രൂപയുടെ സ്റ്റാമ്പ് പതിച്ച് സമീപത്തുള്ള രണ്ട് ആധാരങ്ങൾ ഹാജരാക്കിവേണം പരാതിപ്പെടാൻ. ഇത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ആക്ഷേപങ്ങൾ സ്വീകരിക്കാൻ എടുത്ത നടപടി ശരിയായ രീതിയിലല്ല. ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചത് വളരെ കൂടുതലാണ്. ഭാഗപത്രം, ധനനിശ്ചയം തുടങ്ങിയ ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി വളരെ കൂടുതൽ (അഞ്ചുശതമാനം) ആണ് ചുമത്തിയിരിക്കുന്നത്. അതേസമയം വിൽപനയ്ക്ക് നാല് ശതമാനം മാത്രമേ സ്റ്റാമ്പ്ഡ്യൂട്ടി ഈടാക്കുന്നുള്ളൂ. ഇത്രയും അപാകതകൾ കാണുന്നതിനാൽ ആവശ്യമായ അന്വേഷണം നടത്തി പരാതി പരിഹരിക്കാനുള്ള സംവിധാനമുണ്ടാക്കണം. 5-1-2004-ന് ധൃതിവച്ച് ഉത്തരവിറക്കിയത് തികച്ചും അശാസ്ത്രീയമാണ്. പരാതി കേൾക്കാൻ മുപ്പത് ദിവസം സമയം ലഭിച്ചിട്ടില്ല. 5-1-2004-ന് ആക്ഷേപം ഉള്ളവരുടെ കാര്യത്തിൽ തീരുമാനം ഉണ്ടായത് ശരിയായിട്ടില്ല. ഇത് പിൻവലിക്കണം. എൻ.എച്ച്. 212 റോഡിന് മുൻവശത്തുവരുന്ന വസ്തുവിന്റെ അതേ വില തന്നെയാണ് അതേ സർവ്വേനമ്പറിലുള്ള വസ്തുവിന്റെ പുറകുവശത്തുവരുന്ന വസ്തുവിനും വിലയായി നിശ്ചയിച്ചിരിക്കുന്നത്. ഇത് ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടും പ്രയാസങ്ങളും ഉണ്ടാക്കുന്നു. ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ വിശദമായ പരിശോധനയിലാണ്. 1997-ൽ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഈ രംഗത്തെ പ്രശ്നങ്ങൾ പഠിക്കാനായി ഗവൺമെന്റ് നിയോഗിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് വില്ലേജ് തലത്തിലും താലൂക്ക് തലത്തിലുമുള്ള രണ്ട് കമ്മിറ്റികൾ പരിശോധിച്ചിട്ടാണ് ആർ.ഡി.ഒ.-മാർക്ക് ഒരു ന്യായവില രജിസ്റ്റർ കൊടുത്തത്. അതിനുശേഷമാണ് ആർ.ഡി.ഒ. ഈ ന്യായവില പരിശോധിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ നിശ്ചയിച്ച കമ്മിറ്റികളിൽ ജനപ്രതിനിധികളെയും കൂടി ഉൾപ്പെടുത്തിയാണ് ഇത് പരിശോധിച്ചത്. ഇപ്പോൾ ഉന്നയിച്ച കാര്യങ്ങളും പ്രധാനപ്പെട്ടതാണ്. ഗവൺമെന്റ് അത് ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly